"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) പദ്ധതിയെ ഇലക്ട്രോണിക് ടെണ്ടർ മുഖേന നിർവ്വഹണം നടത്തേണ്ട പദ്ധതികളിൽ നിന്നും ഒഴിവാക്കി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഡിഡി)വകുപ്പ്

സ.ഉ.(സാധാ) നം.1643/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/07/2019

പരാമർശം:- 1 സ.ഉ.(കൈ) നം.105/2011/ത.സ്വ.ഭവ. തീയതി 14/06/2011.

2 സ.ഉ. (പി) നം.524/15/ധന തീയതി 17/11/2015

3 ഗ്രാമവികസന കമ്മീഷണറുടെ 10.05.2019 ലെ 455/എസ്.എൽ.എൻ.എ2/2018 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ പി.എം.കെ.എസ്.വൈ. പദ്ധതിയുടെ നിർവ്വഹണത്തിനായി, പ്രവൃത്തിയുടെ ഗുണഫലം നേരിട്ട് ലഭിക്കുന്ന ഗുണഭോക്തൃ കുടുംബത്തിലെ അംഗങ്ങളെ "യൂസർ ഗ്രൂപ്പുകൾ" രൂപീകരിക്കുകയും നീർത്തട കമ്മിറ്റികൾ അവരുമായി കരാർ വച്ച് പ്രവൃത്തി നിർവ്വഹണം നടത്തുകയും വേണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്രമാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ്, ആസ്തികളുടെ തുടർപരിപാലനം എന്നിവയിൽ പൊതുജനപങ്കാളിത്തം നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്. പരാമർശം (2) പ്രകാരം സർക്കാർ വകുപ്പുകൾ നടപ്പിലാക്കുന്ന 5 ലക്ഷവും അതിന് മുകളിലുള്ള പ്രവൃത്തികൾ എല്ലാം തന്നെ ഇലക്ട്രോണിക് ടെണ്ടർ മുഖേന നിർവ്വഹണം നടത്തുവാൻ ഉത്തരവായിരുന്നു. അതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) പദ്ധതിയെ ഇലക്ട്രോണിക് ടെണ്ടർ മുഖേന നിർവ്വഹണം നടത്തേണ്ട പദ്ധതികളിൽ നിന്നും ഒഴിവാക്കി നല്കണമെന്ന് താഴെ പറയുന്ന വസ്തുതകൾ ചൂണ്ടിക്കാട്ടി പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

- കേന്ദ്രസർക്കാർ 2008-ൽ പുറപ്പെടുവിച്ച നീർത്തട നിർവഹണത്തിനുള്ള മാർഗ്ഗരേഖ പ്രകാരം എല്ലാ പ്രവൃത്തികളും ഉപഭോക്തൃഗ്രൂപ്പ് (user group) മുഖേനയാണ് നടപ്പിലാക്കേണ്ടത്. ചെയ്യുന്ന പ്രവൃത്തികൾക്കനുസൃതമായ മാർഗ്ഗനിർദ്ദേശപ്രകാരം ഗുണഭോക്തൃവിഹിതം അല്ലെങ്കിൽ യൂസർചാർജ്ജ് ബന്ധപ്പെട്ട തല്പരകക്ഷികളിൽ നിന്നും

ശേഖരിച്ച് നീർത്തട വികസന ഫണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. ഈ നീർത്തട വികസന ഫണ്ടുപയോഗിച്ച് പൊതു ആസ്തികൾക്ക് വേണ്ടുന്ന പരിപാലനവും അറ്റകുറ്റപണികളും നടത്താൻ വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

- ഈ പദ്ധതിയിലെ പ്രവൃത്തികൾ നടപ്പിലാക്കാൻ ക്വട്ടേഷൻ/ടെണ്ടർ ബാധകമായിരുന്നില്ല. അതായത് യൂസർ ഗ്രൂപ്പുകളാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വന്നിരുന്നത്.
- കമ്മീഷണർ, GST യുടെ 201.12.2018-ലെ 1/36217/2018 നമ്പർ പ്രകാരം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 ജിയിൽ ഉൾപ്പെട്ട നീർത്തട വികസന പ്രവൃത്തികൾ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്.
- സമാന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കും ഇ-ടെണ്ടർ ബാധകമല്ല.
- പല ജില്ലകളിലും ഇ-ടെണ്ടർ മുഖേന വർക്കുകൾ ഏറ്റെടുക്കാൻ ആളില്ലാത്ത സ്ഥിതിയാണ്. 2 തവണ ഇ-ടെണ്ടർ വിളിച്ചതിനുശേഷവും ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ട സ്ഥിതി വിശേഷമാണ്.
- ഈ സ്ഥിതി വിശേഷം season bound ആയി ചെയ്യേണ്ടുന്ന പ്രവൃത്തികൾ സമയത്ത് നടപ്പിലാക്കാൻ സാധിക്കാതെയും അടുത്ത കാലാവസ്ഥ അനുകൂലമാകുന്ന സമയം വരെയും കാത്തിരിക്കേണ്ടുന്ന സാഹചര്യം സൃഷ്ടിക്കുന്നു. മൺസൂൺ കാലത്തെ മഴവെള്ള സംഭരണത്തിനായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ, വരൾച്ചയെ നേരിടാൻ വേണ്ടുന്ന പ്രവർത്തനങ്ങളൊക്കെ തന്നെ ഇതിൽ ഉൾപ്പെടും.

ഈ സാഹചര്യത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) പദ്ധതിയെ ഇലക്ട്രോണിക് ടെണ്ടർ മുഖേന നിർവ്വഹണം നടത്തേണ്ട പദ്ധതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ് :

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ